# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3932 — 21/10/2016 ൽ മറുപടിക്ക്

## തെരുവ് നായയുടെ ആക്രമണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി.കെ. ബഷീർ** | **ശ്രീ. കെ.ടി. ജലീൽ**<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| എ) | സംസ്ഥാനത്ത് തെരുവ് നായയുടെ ആക്രമണത്തിൽ നാളിതുവരെയായി എത്ര പേർക്കാണ് പരിക്കേറ്റതെന്ന് വ്യക്തമാക്കാമോ; ആക്രമണത്തിൽ മരണപ്പെട്ടവർ എത്ര; സാരമായി പരിക്കേറ്റ് ചികിത്സയിൽ കഴിയുന്നവർ എത്ര; പേവിഷം ബാധിച്ചവർ എത്ര; എന്നിവയുടെ പൂർണ്ണമായ വിശദാംശം നൽകാമോ; | എ) സംസ്ഥാനത്ത് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് തെരുവ് നായ്ക്കളുടെ ആക്രമണത്തിൽ ഒരു വർഷത്തിനകം 2699 പേർക്ക് പരിക്കേൽക്കുകയും 9 പേർക്ക് ജീവൻ നഷ്ടപ്പെടുകയും ചെയ്തിട്ടുള്ളതായി വിവരം ലഭിച്ചിട്ടുണ്ട്. നഗരപ്രദേശങ്ങളിൽ നിന്നുള്ള വിവരം ശേഖരിച്ചുവരുന്നു. സാരമായി പരിക്കേറ്റ് ചികിത്സയിൽ കഴിയുന്നവർ, പേ വിഷ ബാധിതർ എന്നിവ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു. |
| ബി) | തെരുവ് നായയുടെ കടിയേറ്റ് പരിക്ക് പറ്റിയവരുടെ ചികിത്സ, മറ്റ് കാര്യങ്ങൾ എന്നിവയ്ക്കായി ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | ബി) തിരുവനന്തപുരം ജില്ലയിൽ കരുംകുളം ഗ്രാമ പഞ്ചായത്തിൽ തെരുവ് നായ്ക്കളുടെ കടിയേറ്റ് ജീവൻ നഷ്ടപ്പെട്ട വീട്ടമ്മയായ ശ്രീമതി. ശിലുവമ്മയുടെ കുടുംബത്തിന് സർക്കാർ 5 ലക്ഷം രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. അടിയന്തിര സഹായമായി 10000/- രൂപ നൽകിയിരുന്നു.<br>തിരുവനന്തപുരം ജില്ലയിൽ വിതുര ഗ്രാമ പഞ്ചായത്തിൽ പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധിയിൽ നിന്നും തെരുവ് നായകളുടെ ആക്രമണത്തിന് ഇരയായ 3 പേർക്ക് 1000/- രൂപ വീതം ചികിത്സാ ധനസഹായം നൽകിയിട്ടുണ്ട്.<br>ബഹു. സുപ്രീംകോടതിയുടെ ഡബ്ല്യു.പി (സി) 599/15 -ാം നമ്പർ കേസിലെ 05/04/2016-ലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ, തെരുവ് നായയുടെ ആക്രമണത്തിൽ മരണം സംഭവിച്ച ശ്രീമതി. ഡോളി (കോട്ടയം ജില്ല) യുടെ ഭർത്താവിന് 40,000/-രൂപ നഗരകാര്യ ഡയറക്ടർ നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ